# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ:04872371931)

## എറണാകുളം

E mail: kauagmet@yahoo.co.in, cohagmet@kau.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 02/17, ചൊവ്വാഴ്ച** **തീയ്യതി 10.01.2017**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 11.01.2017 | 12.01.2017 | 13.01.2017 | 14.01.2017 | 15.01.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന, ഉമ, പൊൻമണി) | കൊയ്ത്തു പരുവം | മുണ്ടകൻ കൊയ്ത്തു തുടരുന്നു. രണ്ടാം വിളയ്ക്കു ശേഷം വെള്ളമുണ്ടെങ്കിൽ പയറോ പച്ചക്കറിയോ നടാം. ഇത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും തുടർന്നുള്ള കൃഷിയിൽ നെല്ലിന്റെ കീടരോഗബാധ കുറയ്ക്കുകയും ചെയ്യും |
| തെങ്ങ് | | തെങ്ങിൽ ജലസേചനം തുടരാം. ആഴ്ച്ചയിൽ ഒന്നോ രണ്ടോ നന നൽകാം. തുള്ളി നനയുള്ള തോട്ടങ്ങളിൽ ഒരു തെങ്ങിനു ദിവസം 50-60 ലിറ്റർ വെള്ളം നൽകാം. നനയുടെ തോത് കുറയ്ക്കാൻ തെങ്ങിൻ തടങ്ങളിൽ പുതയിട്ടു കൊടുക്കണം. |
| ഇഞ്ചി, മഞ്ഞൾ, കുരുമുളക് | വിളവെടുപ്പ് | ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയിൽ വിളവെടുപ്പ് തുടങ്ങാം. കുരുമുളക് കൊടിയുടെ ചുവട്ടിൽ പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാം. |
| പച്ചക്കറികൾ (വെണ്ട) | പൗഡറി മിൽഡ്യു | മഞ്ഞുക്കാലമായതിനാൽ വെണ്ടയുടെ ഇലകളിൽ പൊടി തൂവിയമാതിരി പൗഡറി മിൽഡ്യു എന്ന രോഗം കാണാം. തുടർന്ന് ഇലകൾ കരിയും. വെറ്റബിൾ കരാത്തേൻ(ഡിനോകേപ്പ്) 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |